Kerala Kaumudi - 21 May 2013 - page 6 (all editions)

# ശ്രീശാന്ത് ചെയ്ത കുറ്റം?

**എൻ. പ്രശാന്ത്**



ആദ്യമായല്ല ഡൽഹി പൊലീസ് ക്രിക്കറ്റിലെ ഒത്തുകളിയും വാതുവയ്പ്പും പിടിക്കുന്നത്. 'ഹാൻസി ക്രോണ്യെ കേസ്' മുതലിങ്ങോട്ട് ഒട്ടനവധി ഒത്തുകളി കേസുകൾ പിടിക്കപ്പെട്ടു. പക്ഷേ, ഒന്നിൽപ്പോലും കുറ്റം തെളിയിക്കാനായിട്ടില്ല. അതേസമയം, ഒത്തുകളി പിടിക്കാനുള്ള പൊലീസിന്റെ അധികാരം ചോദ്യം ചെയ്യപ്പെട്ടിട്ടുമുണ്ട്.

ഐ.പി.എൽ ഒരു സ്വകാര്യ ടൂർണമെന്റാണ്. പ്രത്യേക രീതിയിൽ കളിച്ചില്ലെങ്കിൽ ശിക്ഷിക്കപ്പെടും എന്ന് ഒരു നിയമത്തിലും പറഞ്ഞിട്ടില്ല. ഇന്ത്യയിലെ ജനങ്ങൾക്കിടയിൽ ക്രിക്കറ്റ് ഒരു ജ്വരമായതുകൊണ്ട് കളിയിലെ നിയമങ്ങൾ പാർലമെന്റ് പാസാക്കിയതായി കണക്കാക്കണം എന്നില്ല. നിയമപരമായ പരിരക്ഷയുള്ള പ്രത്യേക ഇനം കളിയൊന്നുമല്ല ക്രിക്കറ്റ്. അതുകൊണ്ടുതന്നെ ഒത്തുകളിച്ചതിന് നിയമപരമായ ഒരു നടപടിയും സാദ്ധ്യമല്ല. ബി.സി.സി.ഐ പോലുള്ള സംഘടനകൾക്ക് അവരെ പുറത്താക്കാം, സഹകരിപ്പിക്കാതിരിക്കാം. അത്രയൊക്കെയേ ഉള്ളൂ.

ഇന്ത്യൻ ശിക്ഷാനിയമം സെക്ഷൻ 415, 420 പ്രകാരമുള്ള വഞ്ചനക്കുറ്റമാണ് ഒത്തുകളിക്കുന്ന കായികതാരങ്ങൾക്കുമേൽ ആരോപിക്കപ്പെടുന്നത്. ടിക്കറ്റെടുത്ത് കളികാണാൻ പോയവരെ വഞ്ചിച്ചു എന്നാണ് ഇതിലെ വിവക്ഷ. കേസ് നിലനിൽക്കണമെങ്കിൽ ടിക്കറ്റ് വാങ്ങിയ കാഴ്ചക്കാരെ വഞ്ചിക്കണമെന്ന വ്യക്തമായ ദുരുദ്ദേശ്യത്തോടെയാണ് ഒത്തുകളിച്ചത് എന്നത് തെളിയിക്കപ്പെടേണ്ടതുണ്ട്. ഒത്തുകളിയുടെ ഉദ്ദേശ്യം പണവും പാരിതോഷികവും മറ്റും കിട്ടുകയാണെന്ന് ഏവർക്കും അറിയാം. പ്രേക്ഷകർ ഇളിഭ്യരാവുക എന്നത് ഒരു ഉപോത്പന്നം മാത്രമാണ്. കൂടാതെ, കളിക്കാർ ഇന്ന രീതിയിൽ കളിക്കുന്നത് കാണാനാണ് ടിക്കറ്റ് വാങ്ങിയതെന്ന് ആർക്കും അവകാശപ്പെടാനാവില്ല. അങ്ങനെയായിരുന്നെങ്കിൽ മോശം ഫോമിലുള്ള എല്ലാ കളിക്കാരും വഞ്ചനക്കുറ്റത്തിന് അകത്തായേനെ. വഞ്ചനക്കുറ്റം ഇങ്ങനെ വ്യാഖ്യാനം ചെയ്ത് തുടങ്ങുകയാണെങ്കിൽ ഇൻസ്വിങ്ങർ ആണെന്ന് തോന്നിപ്പിച്ച് യോർക്കർ എറിഞ്ഞ് വിക്കറ്റെടുക്കുന്നതും ശിക്ഷാർഹമല്ലേ?

ഒത്തുകളിയിലൂടെ യഥാർത്ഥത്തിൽ വഞ്ചിക്കപ്പെടുന്നത് വാതുവയ്ക്കുന്നവരാണ്. വാതുവയ്പ്പ് തന്നെ നിയമവിരുദ്ധമായതിനാൽ അതിൽ പറ്റുന്ന ചതിക്ക് കേസെടുക്കാൻ വകുപ്പില്ല. എന്തായാലും ഒരു വാതുവയ്പ്പുകാരനും പരാതിപ്പെട്ടതായി അറിവില്ല. കോഴ വാങ്ങി കളിയിൽ ഉഴപ്പുന്നത് അഴിമതി ആണെങ്കിലും ക്രിക്കറ്റ് കളിക്കുന്നവർ പൊതുസേവകർ അല്ലാത്തതിനാൽ അഴിമതി നിരോധന നിയമത്തിന്റെ പരിധിയിലും വരില്ല. ചുരുക്കിപ്പറഞ്ഞാൽ, ഒത്തുകളി ശിക്ഷാർഹമായ കുറ്റമേ അല്ല.

ക്രിക്കറ്റ് കളിക്കാർ അതത് ടീം മാനേജ്മെന്റുമായി കരാറിൽ ഏർപ്പെടുകയാണ് ചെയ്യാറ്. കരാറിൽ സമ്മതിച്ച പോലെ ആത്മാർത്ഥമായി കളിക്കാതിരുന്നാൽ അഥവാ കള്ളക്കളി കളിച്ചാൽ കരാർലംഘനത്തിന് സിവിൽ നിയമനടപടികൾ എടുക്കാൻ ടീം മാനേജ്മെന്റിന് സ്വാതന്ത്ര്യമുണ്ട്. പൊലീസിനെക്കൊണ്ട് അറസ്റ്റ് ചെയ്യിക്കാനോ നിർബന്ധിച്ച് കളിപ്പിക്കാനോ ഒന്നും വകുപ്പില്ല. ഒത്തുകളിയിലൂടെ നേടാവുന്ന പണം കളി ജയിച്ചാൽ കിട്ടില്ല എന്നതിനാൽ ടീം ഉടമകൾക്കും ഒത്തുകളിയിൽ പങ്കുണ്ടോ എന്ന് സംശയിക്കുന്നവരുണ്ട്. അങ്ങനെയെങ്കിൽ പിന്നെ കരാർ ലംഘനത്തിന്റെ ചോദ്യവും ഉയരുന്നില്ല. എന്തായാലും ഒരു ടീം ഉടമയും പരാതിയുമായി വന്നിട്ടില്ല ഇപ്പോൾ കേസെടുത്തിരിക്കുന്നതും അറസ്റ്റുകൾ നടത്തിയതും.

ഇന്ത്യൻ ഭരണഘടനയിൽ യൂണിയൻ ലിസ്റ്റിൽ 34 ാമതായി ചൂതാട്ടം നിർവചിച്ചിട്ടുണ്ട്. യാദൃച്ഛികമായി നിർണ്ണയിക്കപ്പെടുന്ന ജയവും പരാജയവും അടിസ്ഥാനപ്പെടുത്തി പകരം വസ്തു ഇടപാടില്ലാതെ പണം മാത്രം നൽകുന്ന ഏർപ്പാടാണത്രെ ചൂതാട്ടം. ഇന്ത്യയിൽ ചൂതാട്ടം പൊതുവിൽ നിരോധിച്ചിരിക്കയാണെങ്കിലും ലോട്ടറിയും കുതിരപ്പന്തയവും നിയമാനുസരണം അനുവദനീയമാണ്. ക്രിക്കറ്റുമായി ബന്ധപ്പെട്ട എല്ലാ വാതുവയ്പ്പും ദുബായ്, കറാച്ചി തുടങ്ങിയ വിദേശ നഗരങ്ങൾ കേന്ദ്രീകരിച്ചാണത്രെ നടക്കുന്നത്. വാതുവയ്പ്പ് ഇന്ത്യയിൽ നടക്കുന്ന ക്രിക്കറ്റ് കളിയുമായി ബന്ധപ്പെട്ടാണെങ്കിൽ പോലും, അത് തടയാൻ ഇന്ത്യൻ നിയമങ്ങൾക്ക് ആവില്ല. വിദേശത്തെ വാതുവയ്പ്പ് തടയാനായില്ലെങ്കിലും, ഇന്ത്യൻ ശിക്ഷാനിയമം സെക്ഷൻ മൂന്ന് പ്രകാരം അതിൽ പങ്കെടുക്കുന്ന ഇന്ത്യൻ പൗരനെ ശിക്ഷിക്കാനാവും. എന്നാൽ, ആ രാജ്യത്ത് വാതുവയ്പ്പ് നിയമവിധേയമാണെങ്കിൽ നമുക്ക് ഒന്നും ചെയ്യാനാവില്ല.

വാതുവയ്പ്പ് ഇന്ത്യൻ നിയമത്തിൽ കുറ്റകരമായതിനാൽ അതിനോട് സഹകരിച്ചു ഗൂഢാലോചന നടത്തി എന്ന കുറ്റം ചാർത്തിയാണ് ഒത്തുകളിക്കാരെ പിന്നെ പിടികൂടാവുന്നത്. ഇന്ത്യൻ ശിക്ഷാനിയമം സെക്ഷൻ 120 എ പ്രകാരം ശിക്ഷാർഹമാണിത്. എന്നാൽ കോഴ വാങ്ങി കളിക്കുന്നവർ വാതുവയ്പ്പ് എന്ന ക്രിയയിൽ പങ്കാളികളല്ല എന്ന് മാത്രമല്ല, കളിയിൽ കൃത്രിമം കാട്ടുക വഴി വാതുവയ്പ്പിലെ 'യാദൃച്ഛികത' നഷ്ടപ്പെടുത്തുകയും ഭരണഘടനയിലെ ചൂതാട്ടത്തിന്റെ നിർവചനത്തിൽനിന്ന് അവർ പൂർണ്ണമായും പുറത്താവുകയും ചെയ്യുന്നു. ഔട്ടാവുക, കൂടുതൽ റൺ വഴങ്ങുക, തുവാല അരയിൽ കെട്ടുക തുടങ്ങിയ പ്രവൃത്തികൾ ചെയ്യുകയും അതിന് പകരം പ്രതിഫലം വാങ്ങുകയും ചെയ്യുന്നത് ഒരിക്കലും വാതുവയ്പ്പായി കാണാൻ ആവില്ല. ഇവർ സത്യത്തിൽ വാതുവയ്പ്പിന്റെ വിശ്വാസ്യത തകർക്കുകയാണ് ചെയ്യുന്നത്. കൈപ്പറ്റിയ പണത്തിൽ ഹവാലാ ഇടപാടുകളോ തീവ്രവാദ ബന്ധമോ തെളിയിക്കാനായില്ലെങ്കിൽ, വരവിൽ കവിഞ്ഞ് പണം കണ്ടെത്തുക എന്നൊരു കുറ്റം മാത്രമേ അവശേഷിക്കുന്നുള്ളൂ. ആദായ നികുതി വകുപ്പിൽ മുപ്പത് ശതമാനം പിഴ ഒടുക്കിയാൽ തീരുന്ന പ്രശ്നം. ശ്രീശാന്ത് ഉൾപ്പെടെയുള്ളവർക്കെതിരെ ഒരിക്കലും തെളിയിക്കപ്പെടാൻ സാധ്യതയില്ലാത്ത ആരോപണങ്ങൾ പത്രസമ്മേളനത്തിലൂടെ ഉന്നയിക്കുകയും അവരുടെ കരിയർ തന്നെ അലങ്കോലപ്പെടുത്തുകയും ചെയ്തവർക്കെതിരെ പിന്നീട് വൻ തുകകൾക്കുള്ള നഷ്ടപരിഹാരക്കേസുകൾ വന്നാൽ അത്ഭുതപ്പെടേണ്ടതില്ല.

റഷ്യ, ഓസ്ട്രിയ തുടങ്ങിയ യൂറോപ്യൻ രാജ്യങ്ങൾ ഒത്തുകളിക്കെതിരെ നിയമങ്ങൾ പാസാക്കാൻ തയാറായത് നിലവിലെ നിയമങ്ങളുടെ പോരായ്മ കൊണ്ടാണ്. ക്രിക്കറ്റിനെ സ്നേഹിക്കുന്ന സാധാരണ ഇന്ത്യക്കാരന്റെ വികാരം ഉൾക്കൊണ്ട്, വിദേശരാജ്യങ്ങളിൽ എന്നപോലെ കായിക ഇനങ്ങളിലെ വാതുവയ്പ്പ് നിയന്ത്രിച്ചുകൊണ്ടും ഒത്തുകളി പൂർണമായും നിരോധിച്ചുകൊണ്ടും നമ്മളും നിയമം പാസാക്കേണ്ടതുണ്ട്. വ്യക്തതയുള്ള നിയമം നടപ്പിലാവുംവരെ ബി.സി.സി.ഐയും പ്രീമിയർ ലീഗും പോലുള്ള സ്വകാര്യ മാമാങ്കങ്ങൾ വ്യവസ്ഥിതിയെ തന്നെ ബാധിക്കുന്ന രീതിയിലേക്കു പോകാതെ നോക്കേണ്ടതുണ്ടെന്നു മാത്രം. ബാർ ഡാൻസ് നിരോധിച്ചിട്ടുള്ള മുംബയ് നഗരത്തിൽ ഐ.പി.എൽ വേദികളിൽ അല്പവസ്ത്രധാരിണികൾ 'ചിയർ ഗേൾസ്' എന്ന പേരിൽ തുള്ളിച്ചാടുന്ന ദൃശ്യം നല്കുന്ന ദുസ്സൂചന അതാണ്.

(എൻ. പ്രശാന്ത്: 9745604447. ലോകൻ നിയമബിരുദധാരിയും ഇന്ത്യൻ ഭരണ സർവീസ് അംഗവുമാണ്. അഭിപ്രായങ്ങൾ വ്യക്തിപരം)

- വഞ്ചനക്കുറ്റമാണ് ഒത്തുകളിക്കുന്ന കായികതാരങ്ങൾക്കുമേൽ ആരോപിക്കപ്പെടുന്നത്. ടിക്കറ്റെടുത്ത് കളികാണാൻ പോയവരെ വഞ്ചിച്ചു എന്നാണ് ഇതിലെ വിവക്ഷ. കേസ് നിലനിൽക്കണമെങ്കിൽ ടിക്കറ്റ് വാങ്ങിയ കാഴ്ചക്കാരെ വഞ്ചിക്കണമെന്ന വ്യക്തമായ ദുരുദ്ദേശ്യത്തോടെയാണ് ഒത്തുകളിച്ചത് എന്നത് തെളിയിക്കപ്പെടേണ്ടതുണ്ട്
- വാതുവയ്പ്പ് തന്നെ നിയമവിരുദ്ധമായതിനാൽ അതിൽ പറ്റുന്ന ചതിക്ക് കേസെടുക്കാൻ വകുപ്പില്ല
- കരാറിൽ സമ്മതിച്ച പോലെ ആത്മാർത്ഥമായി കളിക്കാതിരുന്നാൽ അഥവാ കള്ളക്കളി കളിച്ചാൽ കരാർലംഘനത്തിന് സിവിൽ നിയമനടപടികൾ എടുക്കാൻ ടീം മാനേജ്മെന്റിന് സ്വാതന്ത്ര്യമുണ്ട്
- ക്രിക്കറ്റിനെ സ്നേഹിക്കുന്ന സാധാരണ ഇന്ത്യക്കാരന്റെ വികാരം ഉൾക്കൊണ്ട്, വിദേശരാജ്യങ്ങളിൽ എന്നപോലെ കായിക ഇനങ്ങളിലെ വാതുവയ്പ്പ് നിയന്ത്രിച്ചുകൊണ്ടും ഒത്തുകളി പൂർണ്ണമായും നിരോധിച്ചുകൊണ്ടും നമ്മളും നിയമം പാസ്സാക്കേണ്ടതുണ്ട്
- കൈപ്പറ്റിയ പണത്തിൽ ഹവാലാ ഇടപാടുകളോ തീവ്രവാദ ബന്ധമോ തെളിയിക്കാനായില്ലെങ്കിൽ, വരവിൽ കവിഞ്ഞ് പണം കണ്ടെത്തുക എന്നൊരു കുറ്റമേ അവശേഷിക്കുന്നുള്ളൂ. ആദായ നികുതി വകുപ്പിൽ മുപ്പത് ശതമാനം പിഴ ഒടുക്കിയാൽ തീരുന്ന പ്രശ്നം